**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191</u>** **<u>11-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>റേഷൻ വിതരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വിതരണം സുതാര്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (എ) | പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, 01/11/2016 മുതൽ സംസ്ഥാനത്ത് നടപ്പിൽ വന്നതോടുകൂടി പൊതു വിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് സാധിക്കും. കൂടാതെ പ്രതിമാസ ധാന്യ വിഹിതം സംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ് സംവിധാനത്തിലൂടെയും പൊതുജനങ്ങളെ അറിയിക്കുന്നു. റേഷൻ കാർഡിലെ എല്ലാ അംഗങ്ങളുടെയും ആധാർ അധിഷ്ഠിത ബയോമെട്രിക് വിവരങ്ങൾ ഇ-പോസിൽ ലിങ്ക് ചെയ്യുന്നതിലൂടെ യഥാർത്ഥ ഉപഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ഉള്ള ഉദ്യോഗസ്ഥർ പരിശോധനകളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ